**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5178** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറിയുടെ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ സംഘമൈത്രി കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ തുക നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിൽ (സംഘമൈത്രി) നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറികളുടെ വില നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനത്തിന്മേൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :<br><br>1) 01/01/2021 മുതൽ 31/08/2021 വരെയുള്ള കാലയളവിൽ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ 14,63,959/- രൂപ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിവോൾവിങ് ഫണ്ടിൽ നിന്നും 03/07/2021, 23/09/2021, 05/10/2021 തീയതികളിൽ 3 തവണകളായി നൽകിയിട്ടുണ്ട്.<br><br>2) 01/09/2021 മുതൽ 30/06/2022 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിനു നൽകുവാനുള്ള 20,19,123/- രൂപയിൽ (01/09/2021 മുതൽ 28/02/2022 വരെയുള്ള കാലഘട്ടത്തിലുള്ളത്) 10,31,804/- രൂപ ഹോർട്ടികോർപ്പ് കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിനു നൽകിയിട്ടുണ്ട്. |
| (ബി) | ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ചശേഷം യഥാസമയം വില നൽകാത്തത് കൊണ്ട് കർഷകർ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷന്റെ വിറ്റുവരവിൽ നിന്നുമാണ് കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറികളുടെ തുക നൽകിവരുന്നത്. 2021-22 സാമ്പത്തിക വർഷം വിപണി ഇടപെടലിനായി സർക്കാരിൽ നിന്നും ലഭിച്ച ധനസഹായമായ 16.25 കോടി രൂപ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറികളുടെ തുക നൽകി വരുന്നു. 2022-23ൽ വിപണി ഇടപെടൽ പദ്ധതിയിലൂടെ ഹോർട്ടികോർപ്പിന് 15.00 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| (സി) | കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച് വിറ്റഴിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കർഷക സംഘങ്ങൾക്ക് വില നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) | കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം എല്ലാ പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തി വരുന്നു. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളിലും കോവിഡ് 19 പശ്ചാത്തലത്തിലും ഹോർട്ടികോർപ്പിന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതിനാൽ കർഷകരുടെയും കർഷക സംഘങ്ങളുടെയും കുടിശ്ശിക തുക നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട് |
| (ഡി) | 2021-22 കാലഘട്ടത്തിൽ കർഷകർക്കായി ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ കർഷകർക്ക് കിട്ടാനുള്ള പ്രസ്തുത തുക അനുവദിക്കുന്നതിനായി പ്രത്യേകാനുമതി നൽകുന്നത് പരിഗണിക്കുമോ ? | (ഡി) | 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ Transportation സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നിരുന്നാലും കാർഷിക വിപണനം ശക്തിപ്പെടുത്താൻ പദ്ധതിയിൽ ഉൾപ്പെടുത്തി 42 ലക്ഷം രൂപ പഴം പച്ചക്കറികൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ Transportation / വാഹന ചാർജ് നൽകുന്നതിന് അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകുന്നതിനായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ